**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 2022-'23 അദ്ധ്യയന വർഷം ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് മാർജിനൽ സീറ്റ് വർദ്ധനവിനായി വൈകി ലഭിച്ച അപേക്ഷകൾ 15.07.2022 തീയതി വരെ 3500/- രൂപ ലേറ്റ് ഫിയോടുകൂടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു കൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 9485/AC A 1/2022/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 16.09.2022

---

*പരാമർശം:*-1.സർവ്വകലാശാല ഉത്തരവ് നമ്പർ 7067/ACA1/2022/MGU തീയതി 04.07.2022
2. 23.08.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. 08/22.05/97603/ACA1-3/2022

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം, സിൻഡിക്കേറ്റ്/അക്കാദമിക കൗൺസിൽ യോഗം കൂടാതിരിക്കുന്ന അടിയന്തിര സാഹചര്യങ്ങളിൽ വൈസ് ചാൻസലർക്ക്, ടി ആക്ട് പ്രകാരം സിൻഡിക്കേറ്റിന്റെ/അക്കാദമിക കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് തീരുമാനം എടുക്കാവുന്നതാണ്. അതിൻപ്രകാരം എടുത്ത തീരുമാനങ്ങൾ അടുത്ത സിൻഡിക്കേറ്റിൽ/ അക്കാദമിക കൗൺസിലിൽ തന്നെ റിപ്പോർട്ട് ചെയ്യണമെന്ന് ടി ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്.

തൊടുപുഴ, അൽ അസർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രിൻസിപ്പൽ മാർജിനൽ സീറ്റ് വർദ്ധനവിനായി വൈകി സമർപ്പിച്ച അപേക്ഷ 3500/- രൂപ ലേറ്റ് ഫിയോടുകൂടി സ്വീകരിക്കുന്നതിനും 15.07.2022 തീയതി വരെ മാർജിനൽ സീറ്റ് വർദ്ധനവിനായി (നാമമാത്ര സീറ്റ് വർദ്ധനവ്) ലഭിക്കുന്ന മറ്റ് അപേക്ഷകളിൽ ഇതേ നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവും പരാമർശം (2) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദയകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ്- ചാൻസലർ/പ്രോ- വൈസ് -ചാൻസലർ എന്നിവരുടെ പ്രൈവറ്റ്

Draft #4 of File 97603/AC A1-3/2022/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 16-Sep-2022 04:13 PM - Page 1

സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്/ പരീക്ഷാ വിഭാഗം)
4. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./യൂണിവേഴ്സിറ്റി വെബ് സൈറ്റ്
5. എസി.എ 1/എ സി ബി6/ എ.റ്റി.ആർ
6. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 97603/AC A1-3/2022/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 16-Sep-2022 04:13 PM - Page 2